ഉത്തരം

(എ) ഉണ്ട്.

(ബി) 2005 മേയ് 31 വരെയുള്ള പുരോഗതി അവലോകനം ചെയ്തിട്ടുണ്ട്. ഈ അവലോകനത്തിന്റെ വിശകലനങ്ങൾ അനുബന്ധമായി ചേർക്കുന്നു. †

ഇൽമനൈറ്റ് ഇറക്കുമതി ചെയ്യാനുള്ള കേരളാ മിനറൽസ് ആന്റ് മെറ്റൽസ് ലിമിറ്റഡിന്റെ തീരുമാനം

104 [215] *ശ്രീ. പി. സി. ജോർജ്:*
„ *വി. ചെന്താമരാക്ഷൻ:*
„ *എം. പ്രകാശൻ മാസ്റ്റർ:*
„ *കെ. പി. സതീശ് ചന്ദ്രൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇൽമനൈറ്റ് ഇറക്കുമതി ചെയ്യാൻ കേരള മിനറൽസ് ആന്റ് മെറ്റൽസ് ലിമിറ്റഡ് തീരുമാനിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ; ഇതിനായി ആഗോള ടെണ്ടർ വിളിച്ചിട്ടുണ്ടോ; മൊത്തം എത്ര ടൺ ഇൽമനൈറ്റ് ഇറക്കുമതി ചെയ്യാനാണ് ഉദ്ദേശിക്കുന്നത്;

(സി) ആഗോള ടെണ്ടർ വിളിച്ച് ഇൽമനൈറ്റ് ഇറക്കുമതി ചെയ്യേണ്ട ആവശ്യകത എന്താണെന്ന് വിശദമാക്കാമോ;

(ഡി) ഇൽമനൈറ്റ് ഇറക്കുമതി ചെയ്യുന്നത് സംബന്ധിച്ച് ഉയർന്നുവന്നിട്ടുള്ള ആരോപണങ്ങളെക്കുറിച്ച് സർക്കാർ അന്വേഷണം നടത്താൻ തയ്യാറാവുമോ?

ഉത്തരം

(എ) & (ബി) ഇതിനായി ടെണ്ടർ ക്ഷണിച്ചിരുന്നെങ്കിലും തുടർ നടപടികൾ ഒന്നും എടുത്തിട്ടില്ല.

(സി) വികസന പ്രവർത്തനങ്ങളുടെ ഫലമായി കെ. എം. എം. എൽ.-ൽ ഉൽപാദനവും ഉൽപാദനക്ഷമതയും വർദ്ധിച്ച നിലയിലാണ് പ്രവർത്തിക്കുന്നത്. എന്നാൽ ആനുപാതികമായി പ്രധാനപ്പെട്ട അസംസ്കൃത പദാർത്ഥമായ ഇൽമനൈറ്റ് ഖനനം ചെയ്ത് സംസ്കരിച്ചെടുക്കാൻ കഴിയാത്ത സാഹചര്യത്തിൽ ടൈറ്റാനിയം ഡയോക്സൈഡിന്റെ പ്രതീക്ഷിച്ച ഉൽപാദനം കൈവരിക്കാൻ വേണ്ടിയാണ് ഇൽമനൈറ്റ് വാങ്ങാൻ ആലോചിച്ചത്.

† അനുബന്ധം V

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ആരോപണങ്ങൾ പ്രഥമദൃഷ്ട്യാ കഴമ്പുള്ളതാണെങ്കിൽ ഗവൺമെന്റിന്റെ ശ്രദ്ധയിൽ വന്നാൽ അന്വേഷിക്കാവുന്നതാണ്.

അംഗൻവാടികളുടെ നവീകരണം

105 [219] *ശ്രീ. ലൂഡി ലൂയിസ്:*

„ *എം. എ. കുട്ടപ്പൻ:*

„ *കെ. മുഹമ്മദാലി:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അംഗൻവാടികൾ നവീകരിക്കാൻ ഉദ്ദേശമുണ്ടോ; ഉണ്ടെങ്കിൽ അതു സംബന്ധിച്ച വിശദാംശം നൽകുമോ;

(ബി) അംഗൻവാടികളുടെ നവീകരണം എന്നത്തേക്ക് പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത്; ഇതിന് എന്ത് തുക വേണ്ടിവരുമെന്ന് കണക്കാക്കപ്പെടുന്നു;

(സി) അംഗൻവാടികളിൽ സംസ്ഥാനത്താകെ എത്ര ജീവനക്കാരുണ്ട്; ഇവരുടെ സേവന വേതന വ്യവസ്ഥകളെന്തെല്ലാമാണ്;

(ഡി) ഇതു പരിഷ്കരിക്കുവാൻ ഉദ്ദേശമുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

ഉത്തരം

(എ) ഉണ്ട്. മോഡർനൈസേഷൻ ഓഫ് ഗവൺമെന്റ് പ്രോഗ്രാം (എം. ജി. പി.) അനുസരിച്ച് 1102 അംഗൻവാടികൾ നവീകരിക്കാൻ തീരുമാനിച്ചിട്ടുണ്ട്. കൂടാതെ സ്റ്റേറ്റ് പ്ലാൻ സ്കീമിൽ ഉൾപ്പെടുത്തി അംഗൻവാടികളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിന് 50 ലക്ഷം രൂപ നടപ്പ് സാമ്പത്തിക വർഷം വകകൊള്ളിച്ചിട്ടുണ്ട്.

(ബി) എം. ജി. പി. പദ്ധതിയുടെ കാലയളവ് 2006 ജൂൺ മാസം വരെയാണ്. ടി കാലയളവിൽ അംഗൻവാടികളുടെ നവീകരണം പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. സാമൂഹ്യക്ഷേമ വകുപ്പിലെ അംഗൻവാടികൾ ഉൾപ്പെടെയുള്ള സ്ഥാപനങ്ങളുടെ നവീകരണത്തിനായി സേവനപ്രദാന പദ്ധതി പ്രകാരം 20 കോടി രൂപ നടപ്പു സാമ്പത്തിക വർഷം അനുവദിച്ചിട്ടുണ്ട്.

(സി) & (ഡി) 49,879 ജീവനക്കാരുണ്ട്. അംഗൻവാടി ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകൾ കാലാകാലങ്ങളിൽ കേന്ദ്ര സർക്കാർ പുറപ്പെടുവിച്ചു വരുന്ന നിർദ്ദേശങ്ങൾ അനുസരിച്ചാണ് സർക്കാർ നടപ്പിലാക്കിവരുന്നത്.

ചോദ്യകർത്താവ് എം. എൽ. എ. സ്ഥാനം രാജിവച്ചതിനാൽ 216-ാം നമ്പർ ചോദ്യം റദ്ദാക്കി.

LIBRARY ARCHIVES Kerala Legislative Assembly